DESPATCHED 02/06/2020

12/05/2020

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,


തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


## ഹർജി നമ്പർ A.P. No.465(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.3073/എസ്.ഐ.സി-ജി 5/2015)*

സന്നിഹിതൻ

### ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. നസീർ
പുനത്തികൊയിലോത്ത്
പുറമേരി – 673503
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ& സെക്രട്ടറി
പുറമേരി ഗ്രാമ പഞ്ചായത്ത്,കോഴിക്കോട്

2. അപ്പീൽ അധികാരി & പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്,
കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 18.11.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 15.12.2014 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25.12.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 22.01.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 24.02.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 26.02.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 16.03.2015 |
| മേൽ പ്രസ്താവിച്ച പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 30.03.2015 |

RIGHT TO INFORMATION

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. നസീർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിലെ 13-ാം ഇനം സംബന്ധിച്ച് ആവശ്യപ്പെട്ട വിവരം ഒന്നാം എതിർകക്ഷി ലഭ്യമാക്കിയിട്ടില്ലായെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും എന്നാൽ ആയതു തെരച്ചിലിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നാണ് അറിയിച്ചതെന്നും മേൽപ്പടി പകർപ്പുകൾ കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് അറിയിച്ചതെന്നും എന്നാൽ നാളിതുവരെ മേൽപ്പടി ഇനത്തിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെപ്പറയുന്ന വിവരങ്ങളാണ്:

i. വിവരാവകാശ നിയമ പ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട രണ്ടാം വാർഡിലെ മിനിട്സിന്റെ പകർപ്പ് ടിയാൻ BPL list-ൽ പെട്ടവനാണെന്നതു സംബന്ധിച്ച രേഖ ഹാജരാക്കിയിട്ടും ഹർജിക്കാരനിൽ നിന്നും 300 രൂപ ഈടാക്കിയത് പഞ്ചായത്തിനോടോ ജനങ്ങളോടോ ഒരു ബാധ്യതയും ഇല്ലാത്ത സെക്രട്ടറിയാണെന്നു ഹർജിക്കാരൻ പറഞ്ഞാൽ എന്തു മറുപടി നൽകുമെന്നും

ii. മേൽപ്പടി മിനിട്സിന്റെ കോപ്പിയും അസ്സലും തമ്മിൽ ഒത്തു നോക്കാൻ എപ്പോൾ അവസരം നൽകുമെന്നും

iii. മേൽപ്പടി മിനിട്സിൽ അപാകതകൾ മാത്രമേ കാണാനുള്ളൂവെങ്കിലും പേജ് 4-ൽ വാർഡ് മെമ്പർ ഒപ്പിട്ടിട്ടുള്ളത് ധാരാളം വരികൾ ഒഴിപ്പിച്ചിട്ടാണ് എന്നത് നിയമപരമാണോ എന്നും മറ്റുമായി 15 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിലെ 13-ാം നമ്പർ ചോദ്യത്തിൽ ആവശ്യപ്പെട്ട രേഖ നൽകിയില്ല എന്നും മററുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ, രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ 13-ാം

RIGHT TO INFORMATION

ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ/പകർപ്പുകൾ കണ്ടെത്തുന്നതിന് ബന്ധപ്പെട്ട ജീവനകാർക്ക് പ്രത്യേക ഓഫീസ് ഉത്തരവ് നൽകി തെരച്ചിൽ നടത്തണമെന്നും ആയതു ലഭിക്കുന്ന പക്ഷം ഹർജിക്കാരന് ആയത് സൗജന്യമായി നൽകണമെന്നും അത് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെങ്കിൽ അക്കാര്യം ഹർജിക്കാരനെ അറിയിക്കണമെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള അക്ഷേപം ടിയാന്റെ അപേക്ഷയിലെ 13-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ടിയാന് ലഭ്യമാക്കിയിട്ടില്ല എന്നും ഒന്നാം അപ്പീൽ അധികാരിയുടെ അപ്പീൽ തീർപ്പാക്കൽ ഉത്തരവിനു ശേഷം ടി ഇനം സംബന്ധിച്ച് ഒന്നാം എതിർകക്ഷി യാതൊരു വിവരവും മറുപടിയും നൽകിയില്ലെന്നുമാണ്. ഒന്നാം അപ്പീൽ അധികാരി, ഹർജിക്കാരൻ 13-ാം ഇനത്തിൽ ആവശ്യപ്പെട്ട രേഖ കണ്ടെത്തുന്നതിലേയ്ക്കായി ഓഫീസ് ജീവനക്കാർക്ക് നിർദ്ദേശം നൽകണമെന്നും അതു കണ്ടെത്തുകയാണെങ്കിൽ ഹർജിക്കാരനു സൗജന്യമായി നൽകണമെന്നും അതു കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ അക്കാര്യം ഹർജിക്കാരനെ അറിയിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ടി ഉത്തരവു പ്രകാരം സ്വീകരിച്ച നടപടി സംബന്ധിച്ച് ഒന്നാം എതിർകക്ഷി ഹർജിക്കാരനു യാതൊരു വിവരവും മറുപടിയും നൽകിയതായി കാണുന്നില്ല. ആയതിനാൽ ഇക്കാര്യത്തിൽ ഒന്നാം എതിർകക്ഷി ഈ ഉത്തരവു കൈപ്പറ്റി 15 ദിവസങ്ങൾക്കകം ഹർജിക്കാരന് വ്യക്തവും കൃത്യവുമായ വിവരം നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. ഒന്നാം അപ്പീൽ ഉത്തരവു പ്രകാരം സ്വീകരിച്ച നടപടി സംബന്ധിച്ച് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ഹർജിക്കാരന് യാതൊരു മറുപടിയും നൽകിയിട്ടുള്ളതായി കാണുന്നില്ല. ആയതു വിവരാവകാശ നിയമ പ്രകാരം ടി എതിർകക്ഷിയുടെ ഭാഗത്തുനിന്നുമുണ്ടായ ഗുരുതരമായ വീഴ്ചയാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർ കക്ഷിക്ക്

RIGHT TO INFORMATION

യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ നേരിൽക്കണ്ട് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മേയ് 12–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

അഡീഷണൽ സെക്രട്ടറി(നിയമം)

RIGHT TO INFORMATION